# ഇടശ്ശേരിയുടെ കണ്ണികൾ

**കവിതയെ സാമൂഹികമാറ്റത്തിനുള്ള ചാലകശക്തിയായി കണ്ടിരുന്ന ഒരു കാലത്താണ് ഇടശ്ശേരിക്കവിതകൾ പിറക്കുന്നത്. അധികാരം, പരിസ്ഥിതിക്കുമേലുള്ള കൈയേറ്റം തുടങ്ങിയ പ്രമേയങ്ങളെ ഇടശ്ശേരി ശക്തമായി സംബോധന ചെയ്തിരുന്നു. ഈ പാരമ്പര്യത്തിലെ പുതിയ കണ്ണികളിൽ ഒരാളാണ് ശിവദാസ് പുറമേരി.**

*'അധികാരം കൊയ്യണമാദ്യം നാം*
*അതിനുമേലാകട്ടേ പൊന്നാര്യൻ!''*

തീമഴയോടും ചെങ്കനലിനോടും പോരാടി കോമൻ പരിപാലിച്ച് പൊലിപ്പിച്ച കതിരുകൾ കൊയ്യാൻ കോടതിയാമീനും കൂട്ടരും എത്തുന്നു. ചെറുത്തുനില്പുകളെ അതിജീവിച്ച് നിയമം നടപ്പിലാക്കപ്പെടുകയാണ്. തലമുറകളായി സുഷുപ്തിയിലാണ്ട കർഷകവീര്യം ഉണർന്നു. ആ ഉണർവ് പുതിയ തിരിച്ചറിവുകളിലേക്കാണ് നയിക്കുന്നത്. ഇടശ്ശേരിയുടെ 'പുത്തൻകലവും അരിവാളും' എന്ന കവിത തൊഴിലാളിവർഗത്തിന്റെ വിജയഗാഥയാണ്. അധികാരത്തെ അടിസ്ഥാനപ്രശ്നമായി ഇവിടെ കണ്ടെത്തുന്നു. അത് നിലനിർത്തിക്കൊണ്ട് ഒരു സാമൂഹികമാറ്റവും സാധ്യമല്ല. രോഗത്തിനാണ് ചികിത്സ വേണ്ടത്. ലക്ഷണങ്ങളെ ചികിത്സിച്ചുമാറ്റാൻ ശ്രമിച്ചിട്ട് കാര്യമില്ല.

അധികാരകേന്ദ്രങ്ങളോടുള്ള നിരന്തരപോരാട്ടത്തിന് ഇടശ്ശേരി ആഹ്വാനം ചെയ്യുന്നു. പല രൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടുന്ന അധികാരം അടിസ്ഥാനത്തിൽ ഒരേ സ്വഭാവം പുലർത്തുന്നതാണ്. സുഖലോലുപത, ചൂഷണം, അടിച്ചമർത്തൽ, ഭിന്നിപ്പിക്കൽ തുടങ്ങിയവയൊക്കെ അധികാരത്തിന്റെ ഭിന്നഭാവങ്ങളാകുന്നു. അത് സ്വപ്നങ്ങളെ തകർത്തെറിയുകയും കരാളനീതി നടപ്പിലാക്കുകയും ചെയ്യുന്നു. മക്കൾക്ക് പുത്തനുടുപ്പും പൂത്താലിയും ഭാര്യക്ക് പുത്തൻകലവുമെല്ലാം സമ്മാനിക്കണമെന്ന് കോമൻ സ്വപ്നം കണ്ടിരുന്നു. വിത്തിന് വെച്ചതും കൊറ്റിനു വെച്ചതുമെല്ലാം ആ സ്വപ്നസാക്ഷാത്കാരത്തിനായി അയാൾ ചെലവിട്ടു. അധികാരത്തിന്റെ ബലിഷ്ഠഹസ്തങ്ങൾ സ്വപ്നങ്ങളെ കശക്കിയെറിയുകയാണ് ചെയ്തത്. ജന്മിയോടോ കോടതിയാമീനോടോ പോര് നടത്തിയിട്ട് കാര്യമില്ലെന്ന് തിരിച്ചറിഞ്ഞ കോമൻ ആ ദുർദശയ്ക്ക് ഹേതുവായ അധികാരം കൊയ്യുകയാണ് വേണ്ടതെന്ന് പ്രഖ്യാപിക്കുന്നു.

'പണിമുടക്ക'ത്തിലെ തൊഴിലാളി പ്രാതികൂല്യങ്ങളെ അതിജീവിക്കാൻ കരുത്തുനേടുകയാണ്. രോഗം, ദാരിദ്ര്യം, പട്ടിണി, മരണം തുടങ്ങി ഏറെ പ്രതിബന്ധങ്ങൾ അയാൾക്കുമുന്നിലുണ്ട്. ചേതനയറ്റ കുഞ്ഞിന്റെ ശരീരത്തിനുമേൽ ബോധം നഷ്ടപ്പെട്ട് പതിച്ച അമ്മ തൊഴിലാളികളുടെ സമരഗാനം കേട്ട് ഉയിർത്തെണീക്കുന്നു.

*'കുഴിവെട്ടി മൂടുക വേദനകൾ*
*കുതികൊൾക ശക്തിയിലേക്കു*
*നമ്മൾ!''*

ഇത് വെറുമൊരു ആഹ്വാനമല്ല; ആത്മാവിന്റെ വെളിപാടാണ്. അനുഭവങ്ങളുടെ തീച്ചൂളയിൽ സ്ഫുടം ചെയ്തെടുത്ത വിശ്വാസപ്രമാണമാണിത്.

കാല്പനിക സങ്കല്പങ്ങളുടെ മായികതയും പച്ചയായ ജീവിതം അനാവരണം ചെയ്യുന്ന റിയലിസത്തിന്റെ കാർക്കശ്യവും രണ്ട് ധ്രുവങ്ങളായി അകന്നുനിന്ന ഘട്ടത്തിലാണ് ഇടശ്ശേരി കാവ്യരചനയിൽ പുതുവഴികൾ തേടിയത്. ചുറ്റുപാടുകളെ വികൃതമാക്കി അവതരിപ്പിച്ച് വിദ്വേഷം വളർത്താനോ സത്യങ്ങൾ മറച്ചുവെച്ച് മോഹവലയം തീർക്കാനോ അദ്ദേഹം സന്നദ്ധനായിരുന്നില്ല. ജീവിതത്തെ ഗൗരവത്തോടെ സമീപിക്കുകയും സിരകളിൽ ശക്തിയും മനസ്സിൽ ആത്മവിശ്വാസവും വളർത്തുന്ന കാവ്യങ്ങൾ രചിക്കുകയും ചെയ്തുകൊണ്ട് ഇടശ്ശേരി ഒരു പാരമ്പര്യത്തിന് തുടക്കം കുറിച്ചു. സമകാലിക ജീവിതത്തോട് കലഹിക്കുകയും പുതിയ സമവാക്യങ്ങൾ രചിക്കുകയും ചെയ്ത പില്ക്കാല കവികളെ അദ്ദേഹം കുറച്ചൊന്നുമല്ല പ്രചോദിപ്പിച്ചത്. ഈ പാരമ്പര്യത്തിലെ പുതിയ കണ്ണികളിൽ ഒരാൾ എന്ന നിലയിൽ ശിവദാസ് പുറമേരിയെ പരിഗണിക്കാം. ഇടശ്ശേരി കോരിയിട്ട ശക്തിയുടെ ഭാഷയ്ക്ക് എന്ത് രൂപപരിണാമമാണ് ഉണ്ടായത് എന്ന് കണ്ടെത്താൻ പുതിയ തലമുറയിലെ കവികളിലൂടെ ഒരന്വേഷണം നടത്താം. സച്ചിദാനന്ദന്റെയും ആറ്റൂരിന്റെയും കടമ്മനിട്ടയുടെയും ബാലചന്ദ്രൻ ചുള്ളിക്കാടിന്റെയുമൊക്കെ വഴികളിലൂടെ മലയാള കവിത എവിടെ എത്തിനിൽക്കുന്നു?

ജന്മിയും പാട്ടക്കാരനും തമ്മിലുള്ള സംഘർഷം ഇന്നില്ല. എന്നാൽ കേരളത്തിലെ കാർഷികരംഗം അതിനെക്കാൾ തീവ്രമായ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. മില്ലടച്ചിട്ട് തൊഴിലാളികളെ പട്ടിണിയിലാക്കുന്ന പിടിവാശിക്കാരനായ മുതലാളിക്ക് ഇന്ന് സ്വസ്ഥമായിരുന്ന് സന്താനലബ്ധിക്കായുള്ള ഹോമകർമങ്ങൾ നടത്താനാവില്ല. പക്ഷേ, തൊഴിൽരംഗത്തെ അന്യവത്കരണവും സാമൂഹികവും വ്യക്തിപരവുമായ പ്രതിസന്ധികളും മറ്റു രീതികളിൽ ശക്തിപ്രാപിച്ചുവരുന്നു. കൂടുതൽ സൂക്ഷ്മമായ നോട്ടത്തിലൂടെയേ കവിക്ക് നിലപാട് സ്വീകരിക്കാനാവൂ. പ്രശ്നങ്ങൾ അത്രമേൽ സങ്കീർണങ്ങളാണ്.

*''ആർദ്രമാമേതോ പഴമ്പാട്ടല്ല,*
*താരാട്ടല്ല,*
*രാത്രിയിലാരോ പാടും*
*പ്രേമഗീതകമല്ല.*
*പൂർവകാലങ്ങൾ താണ്ടിയെ*
*ത്തുന്ന പരേതർതൻ*
*കാലൊച്ചയല്ലീമഴ പ്രാണനിൽ*
*പെയ്യുന്നേരം*
*നനയുന്നല്ലോ കിടപ്പായകൾ,*
*ഉടുപ്പുകൾ,*
*പുതപ്പ്, തലയണ, പുസ്തകം,*
*മരുന്നുകൾ,*
*അടുപ്പ്, നനവാറാൻ സൂക്ഷിച്ച*
*വിറകുകൾ,*
*നനയുന്നല്ലോ വാക്ക്, മിഴികൾ,*
*കിനാവുകൾ...''*

അത്താഴത്തിൽ വിഷം ചേർത്ത് കുടുംബത്തോടെ ജീവനൊടുക്കാൻ ഒരുങ്ങുമ്പോൾ ഇരുട്ടിൽ തിമിർക്കുന്ന മഴ അസ്വസ്ഥത ഉണർത്തുന്നു. കടക്കെണിയോ അപമാനഭീതിയോ അശരണത്വമോ ഒക്കെയാവാം ആത്മഹത്യക്ക് പ്രേരിപ്പിച്ചത്. പക്ഷേ, അതൊരു അനിവാര്യതയാവുന്നു. മഴയെക്കുറിച്ചുള്ള കാല്പനിക സങ്കല്പങ്ങൾക്ക് ഇവിടെ സ്ഥാനമില്ല. പ്രാണനിൽ പെയ്യുന്ന മഴ അതിനെ മുക്കുന്ന മട്ടുണ്ട്. ഭൗതികജീവിതത്തിലെ ആശ്വാസങ്ങളും മറകളുമെല്ലാം അതിൽ കുതിരുന്നു. വാക്കുകൾ, മിഴികൾ, കിനാവുകൾ തുടങ്ങിയവയെ പ്രാണനിലെ മഴ നനയ്ക്കുന്നു. അകത്തും പുറത്തും മഴയുണ്ട്. അവ രണ്ടും നായകന്റെ വീര്യം കെടുത്തുകയാണ്. മഴ മാനസികാന്തരീക്ഷത്തെ പ്രതിഫലിപ്പിക്കുന്നു. കുതിർന്നുപോയ വാക്കുകളും തിളക്കം നഷ്ടപ്പെട്ട കിനാവുകളും ജീവിതത്തെ ദുർബലമാക്കുന്നു.

ജീവിതത്തിന്റെ പരാജയസ്ഥാനമാണ് ആത്മഹത്യ. അതിന്റെ മുൻപിലാണ് നായകൻ നിൽക്കുന്നത്. മരണത്തിന്റെ കൊടുംതണുപ്പിനു മുൻപിലും ജീവിതാസക്തിയുടെ ഉഷ്ണം കെടുന്നില്ല. അവശേഷിക്കുന്ന സ്നേഹംപങ്കുവെക്കലും മാതൃഹൃദയപ്പെരുക്കങ്ങളുമെല്ലാം ജീവിതത്തെക്കുറിച്ചുള്ള പ്രത്യാശയ്ക്ക് വകനല്കുന്നു.

ശിവദാസ് പുറമേരി



മരണത്തിൽനിന്നുള്ള പിൻമടക്കത്തിന് അത് പ്രേരണയായിരുന്നിരിക്കാം.

ഭീതിദമായ മരണത്തിന്റെ മറുപുറമാണ് കവി നമുക്ക് കാട്ടിത്തരുന്നത്. ജീവിക്കുകയല്ലാതെ മറ്റു വഴിയില്ലെന്ന് അത് നമ്മെ ബോധ്യപ്പെടുത്തുന്നു.

*''രണ്ടുനാലക്കം പത്രത്താളിൽ,*
*നാമഴുകുന്ന*
*ചിത്രമായ് ലോകത്തിന്റെ മുൻപിലെത്തീടും, പിന്നെ*
*മറ്റൊരു വാർത്തയ്ക്കുള്ളിൽ നമ്മുടെ*
*മരണവും*
*ജന്മദോഷത്തിൻ കെട്ടുകഥയും*
*മുങ്ങിപ്പോകും''.*

മരണം രക്ഷോപായമല്ലെന്ന് ബോധ്യപ്പെടാൻ പിന്നെ അധികനേരം വേണ്ടിവന്നില്ല. വേദനകൾ കുഴിവെട്ടിമൂടാനുള്ള ആഹ്വാനം ഇവിടെ പ്രതിധ്വനിക്കുന്നു.

*''വയ്യെനിക്കണയ്ക്കുവാൻ*
*പ്രാണന്റെ വിളക്കുകൾ''*

എന്നു പറഞ്ഞുകൊണ്ട് ആത്മഹത്യയെ തള്ളിക്കളയുന്നു. ശക്തിയിലേക്ക് കുതിക്കാൻ കഴിഞ്ഞ നായകൻ–

*''അന്ധകാരത്തിൽനിന്ന് പെയ്യുമീ*
*മഴയിലേ-*
*ക്കൊഴുക്കിക്കളഞ്ഞിടാം സർവ*
*സങ്കടങ്ങളും.*
*കടപ്പത്രങ്ങൾ, ദുഃഖപടങ്ങൾ,*
*അപമാന*
*സ്മൃതിചിത്രങ്ങൾ, പിന്നെയിന്ന*
*ത്തെയത്താഴവും''*

എന്ന തീരുമാനത്തിൽ എത്തുകയാണ്. ജീവിതത്തിലെ പരാജയങ്ങളെ ജീവിതംകൊണ്ടുതന്നെയാണ് നേരിടേണ്ടത്. മറ്റു വഴികൾ അപമാനം അണയ്ക്കുന്നവയും അപഹാസ്യതയിലേക്ക് നയിക്കുന്നവയുമാണ്.

ശിവദാസ് പുറമേരിയുടെ 'ചോർന്നൊലിക്കുന്ന മുറി' എന്ന കവിത സമകാലിക ജീവിതദുരന്തങ്ങളോടുള്ള കരുത്തുറ്റ പ്രതികരണം വെളിവാക്കുന്നു. അതിജീവനമാണ് ഏത് പ്രതിസന്ധിയിലും ലക്ഷ്യമാക്കേണ്ടതെന്നും അങ്ങനെ മാത്രമേ പൊരുതി നിൽക്കാനാവൂ എന്നും കവി വിശ്വസിക്കുന്നു.

*'ജീവിതം നുണയാകുന്ന കാലത്ത്*
*നേര് സർവർക്കുമപ്രിയമാകുന്നു!*
*നേര് ചൊല്ലിക്കുലം മുടിക്കാതെന്റെ*
*നേരിലൂടെ നടന്നിറങ്ങട്ടെ ഞാൻ'*

എന്നു ചൊല്ലി നടന്നുപോകുന്ന കാക്കാലൻ കവിതന്നെയാണ്. ഭാവികാല വിശേഷങ്ങളും ശാപം, ദുഃഖം, കൊടുംവ്യാധി എന്നിവ മാറ്റാനുള്ള മന്ത്രമാർഗവും ചൊല്ലിത്തരാനാണ് അയാൾക്കിഷ്ടം. ആത്മവിശ്വാസം കെടുത്തുന്ന പ്രവചനങ്ങൾ, അവ എത്രതന്നെ സത്യമായിരുന്നാലും ജീവിതഗതിക്ക് തുണയാവുകയില്ല.

'ദീപം' എന്ന ചെറുകവിതയിൽ പി. കുഞ്ഞിരാമൻനായർ ആത്മജ്ഞാനത്തിന്റെ പാഠം തുറന്നുവെക്കുന്നു. പിറവിക്ക് സാക്ഷിയാകുന്ന ദീപം മരണത്തിലൂടെ ജന്മാന്തരങ്ങൾക്കപ്പുറത്ത് ആത്മാവിന്റെ വെളിച്ചമായി മാറുന്നത് നമുക്കിവിടെ കാണാം. ജീവിതത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിൽ ദീപത്തിന്റെ സാന്നിധ്യം എങ്ങനെയെല്ലാം പ്രത്യക്ഷമാകുന്നുവെന്നാണ് നാം ആദ്യം കാണുന്നത്. പിന്നീട് അകക്കോവിലിലുള്ളോരു വിളക്കിന്റെ പ്രതിബിംബമായി തിരിത്തുമ്പത്തിരിക്കുന്ന സർവം സാക്ഷിയെ നമ്മുടെ മുൻപിൽ എത്തിക്കുന്നുണ്ട്. ഇരുട്ടും വെളിച്ചവും തമ്മിലുള്ള സംവാദമായാണ് 'കൃതാർഥ' എന്ന കവിത ശിവദാസ് പുറമേരി ആവിഷ്കരിച്ചിട്ടുള്ളത്. 'പൊരുതുന്നു നീ വീണ്ടും തോൽക്കുവാൻ മാത്രം' എന്ന ഇരുട്ടിന്റെ പരിഹാസത്തിന് ദീപം നൽകുന്ന മറുപടി ഇതാണ്:

*ദുർബലമാണെങ്കിലും*
*എന്റെ വെളിച്ചം*
*നിന്നെ*
*ഇത്തിരി പൊള്ളിച്ചെങ്കിൽ*
*അത്രയും*
*കൃതാർഥ ഞാൻ.*

പൊരുതാനിറങ്ങിയാൽ കീഴടങ്ങാതിരിക്കുക. കീഴടങ്ങുന്തോറും ആക്രമണം ശക്തമാവും. 'പാരതന്ത്ര്യം മാനികൾക്ക് മൃതിയെക്കാൾ ഭയാനകം' എന്നവിശ്വാസമാണല്ലോ നമ്മെ മുന്നോട്ട് നയിച്ചിട്ടുള്ളത്. 'കത്തുന്ന വയലിനോടൊപ്പം' എന്ന ശിവദാസ് പുറമേരിയുടെ കവിത പരാജയത്തിന്റെ ആഴം കാണിച്ചുതരുന്നു. ''മുണ്ടുമുറുക്കി കടംകൊണ്ട വിത്തുമായ് വയലിന് ജീവൻ പകുത്തുകൊടുത്തൊരാൾ, ഓർമയിൽ ഞാറ്റുപാട്ടിന്റെ നിലയ്ക്കാത്ത ഈണവും തോരാത്ത വർഷവുമുള്ളൊരാൾ'' –അയാൾ വയലിനോടൊപ്പം കത്തിയെരിയേണ്ടിവന്നത് എന്തുകൊണ്ടാവാം? നവസാമ്പത്തികക്രമങ്ങൾ കവർന്നെടുക്കുന്നത് ഭൗതികനേട്ടങ്ങളെ മാത്രമല്ല എന്ന് കവി ഓർമിപ്പിക്കുന്നു. അവിടെ 'ഇത്തിരി പൊള്ളിക്കാൻ കഴിഞ്ഞ' ദീപത്തിന്റെ കൃതാർഥത ചെറുതല്ല.

'ചരിത്രത്തിൽ അഥവാ പുസ്തകമുറിയിൽ സംഭവിക്കുന്നത്' കണ്ടെത്താൻ സൂക്ഷ്മദൃഷ്ടിയുള്ള കവിക്ക് കഴിയുന്നു. സത്യം വിളിച്ചുപറയുന്നവരെ ഭ്രാന്തന്മാർ എന്ന് മുദ്രകുത്തിയേക്കാം. എങ്കിലും കവിക്ക് പറയാതിരിക്കാൻ കഴിയുന്നില്ല. പ്രത്യയശാസ്ത്രങ്ങൾക്കുമേൽ അധികാരമോഹികൾ നടത്തുന്ന കടന്നുകയറ്റവും ഭൗതികസുഖങ്ങളുടെ സമവാക്യങ്ങൾ ചേർത്ത് സേവനത്തിന് നൽകുന്ന പുതുനിർവചനങ്ങളും ചരിത്രത്തിന്റെ ദുർദശയെ സൂചിപ്പിക്കുന്നു. പുതുവഴി വഴിപാടിനുമാത്രം എന്നു വിശ്വസിക്കുന്ന സമൂഹം ആളും അർഥവുംകൊണ്ട് ശക്തമായേക്കാം.

പരിസ്ഥിതിയെയും വികസനത്തെയും തുലനം ചെയ്തുകൊണ്ട് മലയാളത്തിലുണ്ടായ ആദ്യകവിത ഇടശ്ശേരിയുടെ 'കുറ്റിപ്പുറം പാല'മാണ്. ഇത് എഴുതുന്ന കാലത്ത് പരിസ്ഥിതി പ്രശ്നം കേരളത്തിൽ ഒരു പ്രധാന കവനവിഷയമായിരുന്നില്ല. പിൽക്കാലത്ത് എല്ലാ കവികളും ഗൗരവത്തോടെ പരിസ്ഥിതിപ്രശ്നങ്ങളെ പരിഗണിക്കാൻ തുടങ്ങി. ശിവദാസ് പുറമേരിയുടെ 'കുന്നു കാണാൻ പോയ കുട്ടികൾ' വ്യത്യസ്തമായ ഒരു പരിസ്ഥിതി പാഠം അവതരിപ്പിക്കുന്നു. 'കുട്ടികൾക്കൊപ്പം ചിരിക്കുന്ന കുന്നിന്റെ ചിത്രം വരച്ചൊരാൾ'ക്കും 'കുട്ടികൾക്കൊപ്പം മറയുന്ന കുന്നിന്റെ ചിത്രം വരച്ചുകളി'ക്കുന്നൊരാൾക്കും ഇടയിലാണ് പ്രശ്നങ്ങൾ തെളിയുന്നത്. 'കുന്നിനെ കുന്നെന്നു കാണാതെ വേർപിരിച്ചെഴു'താനുള്ള ശ്രമം മൂലം നാം കുന്നിനെ കുന്നിക്കുരുവായി കണ്ടു. പുല്ലിന്റെയും കുറ്റിച്ചെടിയുടെയും മഹാവൃക്ഷങ്ങളുടെയും വേറിട്ട സാധ്യതകളെക്കുറിച്ചായിരുന്നു നമ്മുടെ അന്വേഷണം. സമഗ്രതയുള്ള ദർശനം കൈവെടിഞ്ഞ് ഉപയോഗസാധ്യതകളിൽ കുടുങ്ങിയ മനുഷ്യന്റെ അന്വേഷണങ്ങളാണ് പ്രകൃതിയിൽനിന്ന് നമ്മെ അന്യരാക്കിയത്. അങ്ങനെ കുന്നിൽനിന്ന് വഴികൾ മറയുന്നു. കുട്ടികൾക്ക് വഴിതെറ്റുന്നു. വഴിതെറ്റിയ ദർശനങ്ങളിൽ ആനന്ദം കണ്ടെത്തുന്ന സമൂഹം വരാനിരിക്കുന്ന വിപത്തുകൾ തിരിച്ചറിയുന്നില്ല.



ഇടശ്ശേരി

'സുനന്ദയുടെ ഓർമകൾ' എന്ന കവിതയിൽ 'മാമ്പഴ'ത്തിന്റെ പശ്ചാത്തലത്തിൽ മനുഷ്യന്റെ കിരാതവാസനകളുടെ അനുരണനം കാണാം. കാവ്യബിംബത്തിന്റെ സ്ഥാനത്ത് പച്ചജീവിതത്തിലെ ദുഃഖബിംബമായി സുനന്ദയ്ക്ക് മാമ്പഴം മാറിയത് എങ്ങനെയാണ്? 'കാറ്റും വെളിച്ചവും' എന്ന കവിത ഇതോടൊപ്പം ചേർത്തുവായിക്കാവുന്നതാണ്. കൊക്കിന്റെ മോഹനവാഗ്ദാനങ്ങൾ സ്നേഹപൂർവം നിരസിക്കാൻ ഇന്നത്തെ മീനുകൾക്ക് ആവണം. മുത്തശ്ശിമാരുടെ അനുഭവപാഠങ്ങൾ അവർ മറക്കാതിരിക്കട്ടെ. നമുക്ക് ആമയെപ്പോലെ പ്രതികരിക്കാം:

*'മറന്നു പണ്ടേ ഞാനാ*
*പന്തയക്കഥയെല്ലാം.*
*മുയൽ ചാട്ടങ്ങൾ*
*പാതിവഴിയിൽ തീരുമ്പോഴും*
*ആമയ്ക്ക്*
*ദീർഘായുസ്സിൻ*
*പാതകൾ താണ്ടീടേണം*
*നൂറ്റാണ്ടിനക്കരെ*
*ഇഴഞ്ഞു ചെന്നീടേണം*
*പോവുക നീ ചങ്ങാതീ*
*എത്ര കുതിച്ചെന്നാലും*
*എത്തില്ല*
*ആമയ്ക്കൊപ്പം'*

(ആമയും മുയലും) ■

**ഡോ. പി.കെ. തിലക്**
pkthilak@gmail.com